# നവലോക മാനവികത, ഒരു ഭരണഘടനാ ഭേദഗതി.

വേട്ടയാടൽ ഘട്ടത്തിൽനിന്നും കാർഷിക വൃത്തിയിലേക്കു ചുവടുവക്കുകയും വ്യവസായ വിപ്ലവത്തിൽ നിന്നും വിവര സാങ്കേതിക വിദ്യയുടെ കാലത്ത് എത്തി നിൽക്കുകയും ചെയ്യുകയാണ് ഇന്നു നമ്മൾ. അതുപോലെ അടിമ സമ്പ്രദായം, കോളനി വാഴ്ച, ലിംഗ/ജാതി വിവേചനം ബാല വേല എന്നിവ നിർത്തലാക്കി ഇന്ന് ജനാധിപത്യ രീതിയിൽ അതിജീവനം നടത്താൻ ശ്രമിക്കുന്നവരുമാണ് നമ്മൾ. സമയത്തിന്റെ പ്രയാണത്തിൽ, സുസ്ഥിര അതിജീവനത്തിനായുള്ള നമ്മുടെ ശ്രമം ഇന്നും തുടരുന്നു എന്നുള്ളതിനുള്ള തെളിവായി ഇതിനെ കണക്കാക്കാം.

ആയതിനാൽ ആത്യന്തിക ലക്ഷ്യം കൈവരിക്കാനായി “വ്യക്തികൾ” നൽകിയ ആശയങ്ങൾ വെടിഞ്ഞ് സമയം എന്ന പ്രക്രിയയിൽ വ്യക്തമായ കണക്കുകളിലും അതിന്റെ ഫോർമുലകളിലും നടപ്പിലാകുന്ന ഇതര പദ്ധതികൾ പോലെ, മനുഷ്യ അതിജീവനവും എപ്രകാരമാണ് നടപ്പിലാക്കേണ്ടത് എന്നു പരിശോധിക്കാം. ഏവർക്കും ഒരുപോലെ ലഭിച്ച സമയത്തെ തുല്യമായി പരിഗണിച്ചു കൊണ്ടു സമയം രൂപം കൊടുത്ത ഫോർമുലയാണ് ഇനി പറയുന്നത്:

പ്രതിദിനം ഏറ്റക്കുറച്ചിലുകൾ സംഭവിക്കുമെങ്കിലും, ഒരു രാജ്യത്തെ Working Age- കാരുടെ ഓരോ ദിവസത്തെയും ഒരു മൊത്തം പ്രവർത്തിസമയം ആണ് *(TAWT on ED),* ആ രാജ്യത്തെ എല്ലാ പ്രായത്തിലുള്ള പൗരന്മാരുടെയും, ആ ദിവസത്തെ നിലനിൽപ്പിന് വേണ്ട ഉത്പന്ന സേവനങ്ങൾ ലഭ്യമാക്കുന്നത്.

ഈ മൊത്തം സമയത്തെ ആ രാജ്യത്തെ മൊത്തം അംഗസംഖ്യയുമായി ഭാഗിക്കുമ്പോൾ, ഒരു വ്യക്തിക്ക് ഒരു ദിവസം വേണ്ട ഉത്പന്ന സേവനങ്ങൾ നിർമ്മിക്കാനാവശ്യമായ സമയം ലഭിക്കുന്നു. ഈ സമയത്തെ, ആ രാജ്യത്തെ ജനങ്ങളുടെ ശരാശരി ആയുർദൈർഘ്യം എത്ര ദിവസമാണോ അത്രയും ദിവസവുമായി ഗുണിക്കണം. അപ്പോൾ Working Age- ൽ ആ വ്യക്തി എത്ര സമയമാണ് ചിലവഴിക്കേണ്ടത് എന്നു കൃത്യമായി ലഭിക്കുന്നു. ഇവിടെ ജനിക്കുന്ന ഓരോ വ്യക്തിയും ആജീവനാന്ത അതിജീവനത്തിനായി Working Age-ൽ സ്വന്തം രാജ്യത്തെ ATAWT on ED-യിലേക്ക് നൽകേണ്ട മൊത്തം സമയം ആണ് ഇത്.

ആയതിനാൽ എല്ലാ വ്യക്തികൾക്കും സ്വതന്ത്ര്യമായും സുസ്ഥിരമായും സമത്വമായും ഉത്പന്ന സേവനങ്ങൾ ലഭിക്കുന്നതിനായി ഈ സമയത്തെ ബാല്യത്തിൽ ക്രെഡിറ്റിലും യൗവനത്തിൽ നേരിട്ടും വാർദ്ധക്യത്തിൽ ഡെബിറ്റിലും വിനിമയം നടത്താൻ അനുവദിക്കുന്ന രീതിയിലാണ് എല്ലാ രാജ്യങ്ങളും അവരുടെ ഭരണഘടന ഭേദഗതി ചെയ്യേണ്ടത്. ഈ സമയം തന്നെയായിരിക്കണം ആ രാജ്യത്തെ അംഗീകൃത പൊതു വിനിമയ ഉപാധിയും

ഈ ഭേദഗതി നടപ്പിലാകുമ്പോൾ ശ്വസിക്കുമ്പോൾ വായു ലഭിക്കുന്നതു പോലെ ചിലവഴിക്കുന്ന പ്രവർത്തി സമയം വിനിമയം ചെയ്യുമ്പോൾ ഉത്പന്ന സേവനങ്ങൾ ലഭ്യമാകുന്നു. ഒരു വ്യക്തി അതിജീവനത്തിനായി മറ്റൊരു വ്യക്തിയെ ആശ്രയിക്കേണ്ട ആവശ്യം ഇല്ലാതാകുന്നു. എല്ലാവർക്കും TAWT on ED-യിൽ നിന്നും ആവശ്യ ഉത്പന്ന സേവനങ്ങൾ സ്വതന്ത്രമായി ലഭിക്കുന്ന സാഹചര്യം സംജാതമാകുന്നു.

എന്നാൽ നിലവിലെ സാഹചര്യത്തിൽ പല തലങ്ങളിൽ വിവിധ കാര്യങ്ങൾ ചർച്ച ചെയ്തും ഘട്ടം ഘട്ടമായും മാത്രമേ നവലോകമാനവികത എല്ലാ രാജ്യങ്ങളും നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ഒരു ഭരണഘടന ഭേദഗതിയിലൂടെ എല്ലാ രാജ്യങ്ങളും ഉടനടി നടപ്പിലാക്കേണ്ട ആദ്യ ഘട്ടമാണ് ഇനി പറയുന്നത്.

ഓരോ രാജ്യത്തും ഇന്നു മുതൽ പുതുതായി ജനിച്ചു വളർന്നു വരുന്ന കുട്ടികൾ അവരുടെ ജനനം മുതൽ ഉത്പന്നങ്ങൾ സേവനങ്ങൾ എന്നിവ ഉപഭോഗിക്കുമ്പോൾ ഇവിടെ ജീവിച്ചിരിക്കുന്ന വ്യക്തികൾ അതിനുള്ള പണം പ്രതിഫലമായി വാങ്ങുന്ന സമ്പ്രദായം നിയമം മൂലം നിർത്തലാക്കണം.ഈ ഉത്പന്ന സേവനങ്ങൾ നിർമ്മിക്കാൻ ചിലവഴിക്കുന്ന പ്രവർത്തിസമയം അതാതു ഉപഭോക്താവിന്റെ പേരിൽ ക്രെഡിറ്റ് ആവണം. ഇതിനു വരുന്ന സാമ്പത്തിക ചിലവ് അതാതു രാജ്യം വഹിക്കുകയും വേണം.

ഈ വളർന്നു വരുന്ന കുട്ടികളിൽ നമ്മൾ ഇതുവരെ പ്രാവർത്തികമാക്കാത്ത സമയത്തിന്റെ ‘അഞ്ചാം തത്വം’ നടപ്പിലാക്കണം. ഇത് പ്രാവർത്തിമാകുന്നതിലൂടെ ആ തലമുറ മുതൽ ഭൂമിയിൽ നവലോക മാനവികത നിലവിൽ വരും.